## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** — **18-09-2025 - ൽ മറുപടിയ്ക്ക്**

## ഹില്ലി അക്വാ കുപ്പിവെള്ളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുറഞ്ഞ വിലയിൽ ശുദ്ധമായ കുപ്പിവെള്ളം ജനങ്ങൾക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജലവിഭവ വകുപ്പിന് കീഴിൽ ആരംഭിച്ച ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കാമോ; | (എ) | **ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 11.40 കോടി രൂപയാണ്.** |
| (ബി) | ഹില്ലി അക്വാ കുപ്പിവെള്ളം കയറ്റുമതി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ലിറ്റർ കുപ്പിവെള്ളം കയറ്റി അയച്ചിട്ടുണ്ടെന്ന വിവരം വ്യക്തമാക്കാമോ; | (ബി) | **ഉണ്ട്. മൊത്തം 51,228 ലിറ്റർ കുപ്പിവെള്ളം ഇതിനകം കയറ്റി അയച്ചിട്ടുണ്ട്.** |
| (സി) | ഹില്ലി അക്വാ കുപ്പിവെള്ളത്തിന് സംസ്ഥാനത്ത് എത്ര വിതരണക്കാരുണ്ടെന്ന വിവരം ലഭ്യമാണോ; താലൂക്ക് അടിസ്ഥാനത്തിൽ ഇത് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ? | (സി) | നിലവിൽ ഹില്ലി അക്വാ കുപ്പിവെള്ളത്തിന് കേരള സംസ്ഥാനത്ത് 52 വിതരണക്കാരുണ്ട്. കേരള വിപണിയിൽ താലൂക്കടിസ്ഥാനത്തിലാണ് വിതരണം നടത്തിവരുന്നത്. വിതരണക്കാരെ ലഭ്യമല്ലാത്ത താലൂക്കുകളിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം ചെയ്ത് വിതരണക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ